**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1554** **28-07-2021 - ൽ മറുപടിയ്ക്ക്**

**കല്ലിയൂർ കുടുംബാരോഗ്യ കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | യാതൊരു അടിസ്ഥാന സൗകര്യവും ഒരുക്കാതെയും തസ്തികകൾ സൃഷ്ടിക്കാതെയും കഴിഞ്ഞ നിമയസഭാ തെരഞ്ഞെടുപ്പിന് തൊട്ട് മുമ്പായി കുടുംബാരോഗ്യ കേന്ദ്രമായി പ്രഖ്യാപിച്ച കല്ലിയൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യമൊരുക്കുന്നതിനും തസ്തികകൾ അനുവദിക്കുന്നതിനും ഔദ്യോഗിക രേഖകളിൽ പ്രാഥമികാരോഗ്യ കേന്ദ്രമെന്നതു മാറ്റി കുടുംബാരോഗ്യ കേന്ദ്രമെന്നാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്നാംഘട്ടത്തിൽ കല്ലിയൂർ പ്രാഥമികാരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലേക്കാവശ്യമായ കെട്ടിടം പണിയുന്നതിനും മറ്റു സൗകര്യങ്ങൾ ഒരുക്കുന്നതിനും എൻ.എച്ച്.എം മുഖേന നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഡി.പി.ആർ തയ്യാറാക്കുന്നതിനും ഏജൻസിയെ കണ്ടെത്തുന്നതിനുമായിട്ടുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ സ്ഥാപനത്തിന്റെ സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ രാവിലെ 9 മണിമുതൽ വൈകുന്നേരം 6 മണിവരെ ഒ.പി പ്രവർത്തിക്കുന്നുണ്ട്. രണ്ട് കെട്ടിടങ്ങളിലായി ഓഫീസ്, ലാബ്, ഫാർമസി, ഡോക്ടേഴ്സ് റൂം, ട്രീറ്റ്മെന്റ് റൂം, ഒബ്സർവേഷൻ റൂം. മറ്റ് ജീവനക്കാർക്കുള്ള മുറി എന്നിവ സജ്ജീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. നിലവിലെ സ്ഥിരം ജീവനക്കാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1) മെഡിക്കൽ ഓഫീസർ-1 2) ക്ലാർക്ക്-1 3) ഹെൽത്ത് ഇൻസ്പെക്ടർ-1 4) ജെ.പി.എച്ച്.എൻ-5 5) ജെ.എച്ച്.ഐ-4 6) സ്റ്റാഫ് നേഴ്സ് -1 7) നേഴ്സിംഗ് അസിസ്റ്റന്റ്-4 8) ഹോസ്പിറ്റൽ അറ്റന്റന്റ്-1 9) ഓഫീസ് അറ്റന്റന്റ്-1 10) ഫാർമസിസ്റ്റ്-1 ഇതുകൂടാതെ എൻ.എച്ച്.എം മുഖേന നിയമിച്ചിട്ടുള്ള ഒരു ഡോക്ടറുടെയും ഒരു ആർ.ബി.എസ്.കെ നേഴ്സിന്റെയും പഞ്ചായത്ത് മുഖാന്തിരം നിയമിച്ചിട്ടുള്ള ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നേഴ്സ്, രണ്ട് ലാബോറട്ടറി ടെക്നീഷ്യൻ, ഒരുപാലിയേറ്റീവ് കെയർ നേഴ്സ്, എച്ച്,എം,സി മുഖാന്തിരം നിയമിക്കപ്പെട്ട ഒരു ഫാർമസിസ്റ്റ്, ഒരു ആംബുലൻസ് ഡ്രൈവർ, ഒരു സെക്യൂരിറ്റി, ഒരു ക്ലീനിംഗ് സ്റ്റാഫ് എന്നിവരുടെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ